മുദ്രകൾ

# ഹെയ്ത്തിയിൽ എന്തൊരു 'ജീവകാരുണ്യം'!

**രണ്ട്** ലക്ഷത്തോളം ജീവൻ അപഹരിച്ച ഹെയ്ത്തിയിലെ ദുരന്ത ഭൂമിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മുൻപന്തിയിലുണ്ടായിരുന്നു ഇസ്രയേലും അമേരിക്കയും. അമേരിക്കക്ക് സൈനികതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിലും ഇസ്രയേലിന് വികൃതമായ മുഖം മിനുക്കിയെടുക്കുന്നതിലുമായിരുന്നു താൽപര്യം എന്നു മാത്രം. ഗസ്സയിൽ നടത്തിയ ഹീനമായ യുദ്ധ കുറ്റകൃത്യങ്ങളെ തുറന്നുകാട്ടിയ 'ഗോൾഡ് സ്റ്റോൺ' റിപ്പോർട്ടിൽനിന്ന് ലോകശ്രദ്ധ തിരിച്ചുവിടാനും മങ്ങലേറ്റ പ്രതിഛായ മെച്ചപ്പെടുത്താനും ഇസ്രയേൽ ജീവകാരുണ്യത്തെ  മറയാക്കുകയായിരുന്നു.

ഗസ്സയിൽ ഒരു ജനത സഹായത്തിനായി കണ്ണീരൊഴുക്കുമ്പോൾ, ഇസ്രയേൽ കിലോമീറ്ററുകൾ താണ്ടി ഹെയ്ത്തിയിലെത്തിയതിലെ വിരോധാഭാസം പലരും ചൂണ്ടിക്കാണിച്ചതാണ്. മനുഷ്യസ്നേഹമാണ് ഇസ്രയേലിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രേരണയെങ്കിൽ, ആദ്യം കൺമുമ്പിലുള്ള മനുഷ്യരോടുള്ള ക്രൂരതയെങ്കിലും അവസാനിപ്പിക്കേണ്ടതല്ലേ?




ലോകത്ത് അപൂർവം രാജ്യങ്ങൾക്ക് അവകാശപ്പെടാവുന്ന സാങ്കേതിക മികവും ആസൂത്രണ തികവും സ്വന്തമാക്കിയ ഇസ്രയേൽ സൈനിക വിഭാഗം (ഐ.ഡി.എഫ്) ദുരന്തനിവാരണത്തിനായി സ്ഥാപിച്ച സൗകര്യങ്ങളും ഹെയ്ത്തിയിൽ ഒരുക്കിയ മെഡിക്കൽ സംവിധാനങ്ങളും കുറ്റമറ്റതായിരുന്നു. അത്യാധുനിക വീഡിയോ കോൺഫറൻസ് ഉപയോഗിച്ച് സിസേറിയൻ ശസ്ത്രക്രിയകൾ വരെ നടത്തിയ ഇസ്രയേൽ സൈന്യത്തിന്റെ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ചപോലെ വൻ മാധ്യമ പ്രചാരണവും അഭിനന്ദനങ്ങളും നേടി. ഇസ്രയേൽ മാധ്യമങ്ങൾക്കൊപ്പം പാശ്ചാത്യ മാധ്യമങ്ങളും ഇസ്രയേലിന്റെ 'ജീവകാരുണ്യ' പ്രവർത്തനങ്ങളെ പൊലിപ്പിച്ചുകാണിച്ചതോടെ ലക്ഷ്യസാക്ഷാത്കാരത്തിന്റെ നിർവൃതിയിലാണ് ഇസ്രയേൽ സംഘം തെൽഅവീവിൽ തിരിച്ചെത്തിയത്.

ഇസ്രയേൽ സൈന്യം ഫലസ്തീൻ യുവാക്കളെ തട്ടിക്കൊണ്ടുപോയി വധിച്ച് അവയവങ്ങൾ അപഹരിക്കുന്നുവെന്ന ഞെട്ടിക്കുന്ന വാർത്ത അടുത്തിടെയാണ് സ്വീഡനിലെ പ്രമുഖ പത്രം പുറത്തുവിട്ടത്. ഇപ്പോഴിതാ ഹെയ്ത്തിയിലും ഇസ്രയേൽ അത്യാധുനിക മെഡിക്കൽ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി അവയവമോഷണം നടത്തിയതായി ആരോപണമുയർന്നിരിക്കുന്നു. ഒരുവശത്ത് രാജ്യാന്തര തലത്തിൽ വികൃതമാക്കപ്പെട്ട മുഖം മിനുക്കുന്നതോടൊപ്പം അവയവ മോഷണമുൾപ്പെടെയുള്ള ഹീനകൃത്യങ്ങളും നടത്തുന്ന ഇസ്രയേൽ ഒരു വെടിക്ക് രണ്ട് പക്ഷികളെ ഉന്നംവെക്കുന്നു.

മറുവശത്ത്, അമേരിക്ക ദ്വീപിലുള്ള തങ്ങളുടെ നിയന്ത്രണം കാര്യക്ഷമമാക്കാനാണ് അവസരം ഉപയോഗപ്പെടുത്തുന്നത്. ഹെയ്ത്തിയിൽ എത്തിയ അമേരിക്കൻ സംഘം പോർട്ടോ പ്രിൻസിലെ വിമാനത്താവളത്തിന്റെ നിയന്ത്രണമാണ് ആദ്യം ഏറ്റെടുത്തത്. ഇതോടെ ദുരിതാശ്വാസ പ്രവർത്തനങ്ങളേക്കാൾ സൈനിക പദ്ധതികൾക്കാണ് അമേ

രിക്ക താൽപര്യം കാണിക്കുന്നതെന്ന ആരോപണം ശക്തമായി. പല രാജ്യങ്ങളിൽനിന്നും വന്ന സഹായ വിമാനങ്ങൾ മടക്കി അയച്ച് യു.എസ് തങ്ങളുടെ സൈനിക വിമാനങ്ങളെ ഇവിടെ ഇറക്കിയതായി യൂറോപ്യൻ രാജ്യങ്ങൾവരെ ആരോപിച്ചു. സഹായത്തിന്റെ മറവിൽ അധിനിവേശം നടത്താനാണ് യു.എസ് ശ്രമമെന്ന് വെനിസ്വലൻ പ്രസിഡന്റ് ഹ്യൂഗോ ചാവേസും നിക്വരാഗോ പ്രസിഡന്റ് ദാനിയൽ ഓർടേഗയും വിമർശിച്ചു. പതിനയ്യായിരത്തോളം സൈനികരെയാണ് യു.എസ് ഹെയ്ത്തിയിൽ വിന്യസിച്ചിരിക്കുന്നത്.

ഇതിനിടെ രാജ്യാന്തര നിയമങ്ങൾ മറികടന്ന് കുട്ടികളെ കടത്താൻ അമേരിക്കൻ സംഘം ശ്രമം നടത്തിയതും പുറത്തുവന്നു. കഴിഞ്ഞ ദിവസമാണ് ഹെയ്ത്തിയിൽനിന്ന് മതിയായ രേഖകളില്ലാതെ കുട്ടികളെ കടത്താൻ ശ്രമിച്ച 10 അമേരിക്കൻ മിഷനറിമാരുൾപ്പെടുന്ന സംഘം ഹെയ്ത്തി അധികൃതരുടെ പിടിയിലായത്. മനുഷ്യന്റെ അന്തസ്സിനോ മാനുഷിക മൂല്യങ്ങൾക്കോ തെല്ലും വില കൽപിക്കാത്ത ഇക്കൂട്ടർ അവസരം മുതലെടുക്കാനായി ഇനിയും ദുരന്തങ്ങൾക്ക് കാതോർത്തിരിക്കുകയാണ്. ■

**കെ.സി.എം അബ്ദുല്ല**
kcmabdullah@gmail.com

## ഇഖ്‌വാൻ നേതാക്കളുടെ അറസ്റ്റ് ദുഷ്ടലാക്കോടെ



■ **മഹ്മൂദ് ഇസ്സത്ത്**

**ഈജിപ്തിലെ** ഹുസ്നി മുബാറക് ഭരണകൂടം ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ സമുന്നതരായ പതിനഞ്ച് നേതാക്കളെ അറസ്റ്റ് ചെയ്ത് തടവിലിട്ടത് ദുഷ്ടലാക്കോടെയാണെന്ന് രാഷ്ട്രീയ നിരീക്ഷകർ. ഇഖ്‌വാന്റെ പുതിയ ഉപാധ്യക്ഷൻ മഹ്മൂദ് ഇസ്സത്ത്, കേന്ദ്ര കൂടിയാലോചനാ സമിതി (മക്തബുൽ ഇർശാദ്) അംഗങ്ങളായ അസ്വാം ഇർയാൻ, അബ്ദുർറഹ്മാൻ അൽബർറ്, മുഹ്‌യി ഹാമിദ് എന്നിവർ അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ഉൾപ്പെടും. പാർലമെന്റ് തെരഞ്ഞെടുപ്പ് ആസന്നമായ സന്ദർഭത്തിൽ ഇഖ്‌വാനെ രാഷ്ട്രീയമായി ദുർബലപ്പെടുത്തുകയാണ് ഈ നീക്കത്തിന് പിന്നിലെന്ന് ഇഖ്‌വാൻ വക്താവ് സഅ്ദ് ഖതാതീനി ആരോപിച്ചു. അറസ്റ്റ് ചെയ്തവരെ വിചാരണ കൂടാതെ മാസങ്ങളോളം തടവിൽ പാർപ്പിക്കുന്നതാണ് ഈജിപ്തിലെ രീതി. പതിനഞ്ച് നേതാക്കളുടെ കാര്യത്തിലും ഈ രീതി തുടർന്നാൽ വിജയകരമായ തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ ആവിഷ്കരിക്കാൻ ഇഖ്‌വാന് കഴിയില്ലെന്ന കണക്കുകൂട്ടലിലാണ് ഭരണകൂടം. അതേസമയം ആംനസ്റ്റി പോലെയുള്ള മനുഷ്യാവകാശ സംഘടനകൾ ഇഖ്‌വാൻ നേതാക്കളെ ഉടൻ വിട്ടയക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

പാർലമെന്റ് തെരഞ്ഞെടുപ്പിൽ പ്രമുഖ രാഷ്ട്രീയ പാർട്ടികളുമായി ഇഖ്‌വാൻ സഖ്യത്തിന് ശ്രമിക്കുന്നതും ഗസ്സ ഉപരോധത്തെ ശക്തിപ്പെടുത്താൻ ഈജിപ്ത്–ഗസ്സ അതിർത്തിയിൽ രഹസ്യമായി നിർമിക്കാൻ പദ്ധതിയിട്ടിരുന്ന ഇരുമ്പ് മതിലിനെതിരെ പൊതുജനാഭിപ്രായം ഉയർത്തിക്കൊണ്ടു വന്നതും അറസ്റ്റിന് പ്രകോപനമായിട്ടുണ്ട്. എന്തൊക്കെ പ്രതിബന്ധങ്ങളുണ്ടായാലും അവയെ അതിജീവിച്ച് മുന്നോട്ടുപോകുമെന്ന് ഇഖ്‌വാൻ നേതൃത്വം വ്യക്തമാക്കി. ■

## മർവ കവാകജിയുടെ പോരാട്ടം അവസാനിക്കുന്നില്ല

**പത്തു** വർഷം പിന്നിട്ടിട്ടും മർവ കവാകജിയുടെ പോരാട്ട വീര്യത്തിന് ഒരു തളർച്ചയുമില്ല. സ്ത്രീക്ക് അവൾ ഇഷ്ടപ്പെടുന്ന വസ്ത്രധാരണ രീതി സ്വീകരിക്കാൻ അവകാശമുണ്ടെന്നും അത് തടയാൻ ലോകത്തൊരു ഭരണകൂടത്തിനും അധികാരമില്ലെന്നും മർവ വീറോടെ വാദിക്കുന്നു. മർവയെ അറിയില്ലേ? തുർക്കി പാർലമെന്റിലേക്ക് മത്സരിച്ച്


■ മർവ കവാകജി

വിജയിച്ച ആദ്യത്തെ ഹിജാബ് ധാരിണി. 1999-ലാണ് നജ്മുദ്ദീൻ അർബകാൻ നേതൃത്വം നൽകുന്ന വെർച്യൂ (ഫദീല) പാർട്ടിയുടെ ടിക്കറ്റിൽ മർവ ജയിക്കുന്നത്. സത്യപ്രതിജ്ഞക്കായി മർവ പാർലമെന്റ് മന്ദിരത്തിലേക്ക് കടന്നു. ഹിജാബ് ധരിച്ച ഒരു സ്ത്രീ പാർലമെന്റ് മന്ദിരത്തിൽ കടക്കുന്നത് ഇതാദ്യമായാണ്. വെർച്യൂ പാർട്ടി അംഗങ്ങൾ അവരെ ഹർഷാരവത്തോടെ എതിരേറ്റു.

ഉടനെ ഇടതുപക്ഷവും മറ്റു മുഖ്യധാരാ പാർട്ടി അംഗങ്ങളും 'ഹിജാബ് ഊരിയെറിയ്, അല്ലെങ്കിൽ പാർലമെന്റിൽ നിന്ന് പുറത്തു പോ' എന്നാക്രോശിച്ച് ബഹളം കൂട്ടി. ഹിജാബ് ധരിക്കുന്നത് സെക്യുലർ മൂല്യങ്ങളെ തകർക്കും എന്നായിരുന്നു ഇവരുടെ വാദം. ദിവസങ്ങൾക്കകം ദേശസുരക്ഷാ സേന മർവയുടെ വീട്ടിൽ അതിക്രമിച്ചു കയറി അവരെ അറസ്റ്റ് ചെയ്തു. അവരുടെ പാർലമെന്റ് അംഗത്വം റദ്ദാക്കിയതായി ഉടൻ ഔദ്യോഗിക പ്രഖ്യാപനവും വന്നു; ഹിജാബ് ധരിച്ചതിനാൽ മർവ 'തുർക്കിക്കാരി അല്ലാതായിരിക്കുന്നു' എന്ന വിശദീകരണവും. ഒടുവിൽ അവരുടെ തുർക്കി പൗരത്വം വരെ റദ്ദ് ചെയ്തു.

അമേരിക്കയിലേക്ക് പലായനം ചെയ്ത മർവ കഴിഞ്ഞ പത്തു വർഷമായി, സെക്യുലരിസത്തിന്റെ മറവിൽ തുർക്കി പിന്തുടരുന്ന കടുത്ത മതവിരുദ്ധ നയങ്ങൾക്കെതിരെ പോരാടിക്കൊണ്ടിരിക്കുകയാണ്. സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമായാണ് അവർ ഹിജാബിനെ അവതരിപ്പിക്കുന്നത്. 2004-ൽ ബാർസലോണയിൽ ചേർന്ന ലോക മത സമ്മേളനത്തെ അവർ അഭിസംബോധന ചെയ്തിരുന്നു. 2007-ൽ യൂറോപ്യൻ മനുഷ്യാവകാശ കോടതി, മർവയുടെ പാർലമെന്റ് അംഗത്വം റദ്ദാക്കിയത് മനുഷ്യാവകാശ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടുകയുണ്ടായി.

ഖുർആൻ മനഃപാഠമാക്കിയ മർവ അമേരിക്കയിലെ ഹാർവാർഡ് യൂനിവേഴ്സിറ്റിയിൽനിന്നാണ് കമ്പ്യൂട്ടർ സയൻസിൽ ഡോക്ടറേറ്റ് നേടിയത്. ഇപ്പോൾ ജോർജ് വാഷിംഗ്ടൺ യൂനിവേഴ്സിറ്റിയിൽ പ്രഫസർ. 2004-ൽ ഉർദുഗാന്റെ നേതൃത്വത്തിൽ ഇസ്‌ലാമികാഭിമുഖ്യമുള്ള റഫാഹ് പാർട്ടി അധികാരത്തിലെത്തിയപ്പോൾ, മർവ തുർക്കി രാഷ്ട്രീയത്തിലേക്ക് തിരിച്ചുവരുമെന്ന് പലരും കണക്കുകൂട്ടി. പക്ഷേ, തന്റെ അക്കാദമിക-മനുഷ്യാവകാശ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ അവർ തീരുമാനിക്കുകയായിരുന്നു. ■

## സയ്യിദ് ശഹാബുദ്ദീൻ വീണ്ടും മുശാവറ പ്രസിഡന്റ്

**ഇന്ത്യൻ** മുസ്‌ലിം സംഘടനകളുടെ പൊതുവേദിയായ മുസ്‌ലിം മജ്‌ലിസെ മുശാവറയുടെ പ്രസിഡന്റായി പ്രമുഖ രാഷ്ട്രീയ പ്രവർത്തകനും മുൻ പാർലമെന്റ് അംഗവുമായ സയ്യിദ് ശഹാബുദ്ദീൻ തെരഞ്ഞെടുക്കപ്പെട്ടു. രണ്ടു വർഷമാണ് കാലാവധി. 2010 ജനുവരി ആറിന് ന്യൂദൽഹിയിൽ ചേർന്ന മുശാവറയുടെ ജനറൽ ബോഡി യോഗത്തിൽ ഐകകണ്ഠ്യേനയാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. നിലവിലെ പ്രസിഡന്റ് സഫറുൽ ഇസ്‌ലാം ഖാൻ പത്രിക നൽകിയിരുന്നെങ്കിലും ഒടുവിൽ പിൻവലിക്കുകയായിരുന്നു. സഫറുൽ ഇസ്‌ലാം പ്രസിഡന്റാവുന്നതിന് മുമ്പ് മുശാവറയെ ദീർഘകാലം നയിച്ചത് സയ്യിദ് ശഹാബുദ്ദീൻ തന്നെയായിരുന്നു.



പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം നടത്തിയ ആദ്യ പത്രസമ്മേളനത്തിൽ മൗലാനാ മുഹമ്മദ് സലീം ഖാസിമി

യുമായുള്ള അഭിപ്രായ ഭിന്നതകൾ പറഞ്ഞുതീർക്കുമെന്ന് ശഹാബുദ്ദീൻ ഉറപ്പു നൽകി. ഏതാനും വർഷം മുമ്പ് മുശാവറയുമായി തെറ്റിപ്പിരിഞ്ഞ് മുഹമ്മദ് സലിം ഖാസിമിയും കുറച്ചാളുകളും ഒരു സമാന്തര സംഘടനക്ക് രൂപംനൽകിയിരുന്നു. ഐക്യം പുനഃസ്ഥാപിക്കാൻ എന്തു വിട്ടുവീഴ്ചക്കും തയാറാണെന്ന നിലപാടിലാണ് നിയുക്ത പ്രസിഡന്റ്. ■

## ശാഹ് വലിയുല്ലാഹിയുടെ കൃതിക്ക് മലയാളിയുടെ അറബി പരിഭാഷ

***ഹുജ്ജത്തുല്ലാഹിൽബാലിഗ*ക്കു** ശേഷം ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവിയുടെ ഏറെ അറിയപ്പെട്ട കൃതിയാണ് *ഇസാലത്തുൽ ഖഫാ അൻ ഖിലാഫത്തിൽ ഖുലഫാഅ്*. പേരു സൂചിപ്പിക്കുന്നതുപോലെ ഖിലാഫത്തിനെയും ഖുലഫാഉർറാശിദുകളെയും പറ്റിയുള്ള വിശദവും ഗഹനവുമായ ചർച്ചയാണിതിലെ ഉള്ളടക്കം.


■ മുസ്ത്വഫ ഹുദവി

ഹിജ്‌റ പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ജീവിച്ച ശാഹ് വലിയ്യുല്ലാഹിയുടെ രാഷ്ട്രീയ ചിന്തകളുടെ സമാഹാരം കൂടിയാണ് *ഇസാലത്തുൽ ഖഫാ*. ഖിലാഫത്തിന്റെ വിവക്ഷ, ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ അതിന്റെ സ്ഥിരീകരണം, ഖലീഫയുടെ ബാധ്യതകൾ, ഖിലാഫത്തും രാജവാഴ്ചയും തമ്മിലുള്ള വ്യത്യാസം, ഖിലാഫത്ത് രാജവാഴ്ചയിലേക്ക് എത്തിപ്പെട്ടതെങ്ങനെ തുടങ്ങിയവയാണ് മുഖ്യ പ്രതിപാദ്യം. ഇതിന്റെ മൂലം പേർഷ്യൻ ഭാഷയിലാണ്.

ഈ ഗ്രന്ഥത്തിന്റെ ഒന്നാം വാള്യത്തിന് പുതിയൊരു അറബി പരിഭാഷ അറബ് ലോകത്തെ അറിയപ്പെട്ട പ്രസാധനാലയമായ ദാറുൽ കുതുബിൽ ഇൽമിയ്യ (ലബനാൻ) രണ്ടു വാള്യങ്ങളിലായി പ്രസിദ്ധീകരിച്ചിരിക്കുന്നു. ഉർദു പരിഭാഷയെ അവലംബിച്ചാണിത് തയാറാക്കിയിട്ടുള്ളത്. 700–ൽപരം പേജുകളുണ്ട്. *റാഇദുൽ ഉഖലാഅ് ഇലാ ഫഹ്മി അസ്റാരി ഖിലാഫത്തിൽ ഖുലഫാഅ്* എന്ന പേരിൽ. ചെമ്മാട് ദാറുൽ ഹുദാ ഇസ്‌ലാമിക് അക്കാദമിയിൽനിന്ന് ഹുദവി ബിരുദം നേടി അവിടെത്തന്നെ അധ്യാപകനായി സേവനമനുഷ്ഠിക്കുന്ന മുസ്ത്വഫ ഹുദവിയാണ് വിവർത്തകൻ. വടകര അഴിയൂർ സ്വദേശിയാണ്. കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽനിന്ന് സോഷ്യോളജിയിൽ ബിരുദവും മദ്രാസ് യൂനിവേഴ്സിറ്റിയിൽനിന്ന് ഉർദുവിൽ എം.എ ബിരുദവും നേടിയിട്ടുണ്ട്. അറബി ഭാഷയിലും മറ്റു ദീനീ വിഷയങ്ങളിലും പാണ്ഡിത്യം നേടിയവർ കുറ്റിയറ്റുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഈ യുവ പണ്ഡിതന്റേത് അഭിമാനാർഹമായ നേട്ടമാണ്. ■

**നൗഷാദ് ചേനപ്പാടി**